**ശ്രദ്ധക്ഷണിക്കൽ**

മൽസ്യ സമൃദ്ധി പദ്ധതി

ശ്രീ. ആർ. സെൽവരാജ്: സർ, കേരളത്തിൽ മൽസ്യമേഖലയിലെ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുവേണ്ടി ആവശ്യമായ നടപടി സ്വീകരിക്കണമെന്നുള്ളതാണ് എന്റെ ശ്രദ്ധക്ഷണിക്കൽ. മൽസ്യ ഉൽപ്പാദനത്തിൽ രാജ്യത്ത് ഒന്നാം സ്ഥാനം കേരളത്തിനാണ്. രാജ്യത്തെ ആകെ ഉൽപ്പാദനത്തിന്റെ 30 ശതമാനം സംസ്ഥാനത്തിന്റെ സംഭാവനയാണ്. രാജ്യത്തെ ആളോഹരി മൽസ്യ ഉപഭോഗം 9.5 കിലോഗ്രാമാണ്. ലോകത്തെ ആളോഹരി മൽസ്യ ഉപഭോഗം 16 കിലോഗ്രാമാണ്. മനുഷ്യന്റെ ആരോഗ്യത്തിനും പ്രതിരോധശക്തിക്കും മൽസ്യ ഉപഭോഗം ഉത്തമമാണ്. കേരളത്തിൽ 11 ലക്ഷത്തിലധികം തീരദേശ ജനതയുടെ ഉപജീവനമാർഗ്ഗവുമാണ് മൽസ്യബന്ധനം. കേരളത്തിലെ മൽസ്യ ഉപഭോഗം ലോകത്തെ ആളോഹരി മൽസ്യഉപഭോഗത്തെക്കാൾ വളരെ കൂടുതലാണ്. ഇവിടെ പ്രതിവർഷം 22 കിലോഗ്രാമാണ് ആളോഹരി മൽസ്യഉപഭോഗമെന്ന് കണക്കാക്കിയിരിക്കുന്നത്. കടൽ മൽസ്യങ്ങളുടെ ഉൽപ്പാദനം കൊണ്ടുമാത്രം നമ്മുടെ മൽസ്യങ്ങളുടെ ആവശ്യകത സമ്പൂർണ്ണമാകുന്നില്ല. ഉൾനാടൻ ജലാശയങ്ങളിലെ മൽസ്യ ഉൽപ്പാദനം ഒട്ടനവധി തൊഴിലവസരങ്ങൾ ഒരുക്കുമെന്ന് മാത്രമല്ല

കർഷകർക്ക് നല്ല വരുമാനവും നേടിത്തരുന്നു. കേരളത്തിലെ 113 ഉൾനാടൻ മൽസ്യഗ്രാമങ്ങളിലെ ഏതാണ്ട് അരലക്ഷം തൊഴിലാളികൾ ഈ മേഖലയിൽ തൊഴിലെടുക്കുന്നുവെന്ന് ലഭ്യമായ കണക്കുകൾകൊണ്ട് വ്യക്തമാക്കുന്നു. എന്നാൽ നമ്മുടെ സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള ജലാശയങ്ങളുടെ പരമാവധി 35 മുതൽ 45 ശതമാനം വരെ മാത്രമേ ഇപ്പോൾ ഉപയുക്തമായി വരുന്നുള്ളൂ. പ്രതിവർഷം 1.17 ലക്ഷം ടൺ മൽസ്യ ഉൽപ്പാദനമാണ് ഉൾനാടൻ ജലാശയങ്ങളിൽ നിന്ന് ഇപ്പോൾ ലഭിക്കുന്നത്. ഉൾനാടൻ മൽസ്യ ഉൽപ്പാദനം ഇരട്ടിയാക്കുന്നതിനായി 2012-13-ൽ സർക്കാർ 200 കോടിരൂപയോളം ചെലവ് വരുന്ന മൽസ്യ സമൃദ്ധി പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയതുവഴി 450 കോടിരൂപയുടെ അധികവരുമാനം മൽസ്യ കർഷകർക്ക് നേടിക്കൊടുത്തുവെന്ന് കാണാം. 2 ലക്ഷത്തോളം പേർക്ക് ഇതിന്റെ ഗുണഭോക്താക്കളാകാനും കഴിഞ്ഞിട്ടുണ്ട്. 2012-13-ൽ ആരംഭിച്ച ഈ പദ്ധതി 2015-ൽ അവസാനിപ്പിക്കുന്നുവെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. സർക്കാരിന്റെ ഭാഗത്തുനിന്നും ശക്തമായ നടപടികൾ സ്വീകരിച്ച് ഉൾനാടൻ ജലാശയങ്ങളിലെ മൽസ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഈ പദ്ധതിയിൽ

ഉൾപ്പെടുത്തിക്കൊണ്ട് ഇതിനായി മൽസ്യസമൃദ്ധി പദ്ധതി വീണ്ടും നടപ്പാക്കണമെന്ന് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു. പദ്ധതിക്കായി നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ മൽസ്യകർഷകരുടെ അപേക്ഷ പരിഗണിക്കണമെന്നും അഭ്യർത്ഥിക്കുന്നു. നിർദ്ധനരായ ഈ പ്രദേശത്തെ കർഷകർക്ക് സബ്സിഡി അനുവദിച്ച് ഈ പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

മൽസ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, നമ്മുടെ ഉൾനാടൻ ജലാശയങ്ങളിൽ മൽസ്യകൃഷി വ്യാപകമായി നടപ്പിലാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടാണ് സംസ്ഥാനത്ത് 2012-15 കാലഘട്ടത്തിലേക്കുവേണ്ടി മൽസ്യസമൃദ്ധി പദ്ധതി നടപ്പാക്കിയത്. 53 കോടിരൂപ ചെലവഴിച്ച് 12,000 ഹെക്ടറിൽ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനായി 20 ലക്ഷം തൊഴിൽ ദിനങ്ങൾ ലക്ഷ്യമിട്ടിരുന്ന സ്ഥാനത്ത് 24 ലക്ഷം തൊഴിൽദിനങ്ങൾ നൽകാൻ കഴിഞ്ഞു. 12,000 ഹെക്ടർ സ്ഥലത്ത് മൽസ്യകൃഷി നടത്താൻ തീരുമാനിച്ചുവെങ്കിലും 12319 ഹെക്ടർ സ്ഥലത്ത് മൽസ്യകൃഷി വ്യാപിപ്പിക്കാനും സാധിച്ചു. അതുപോലെ തന്നെ 750 തദ്ദേശസ്വയംഭരണസ്ഥാപനങ്ങളാണ് ലക്ഷ്യമിട്ടത്. 930 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഈ പദ്ധതി

നടപ്പിലാക്കാൻ സാധിച്ചു. ഈ പദ്ധതി ജനകീയമാക്കി മാറ്റാൻ സാധിച്ചുവെന്നുള്ളതാണ് മൽസ്യ സമൃദ്ധി പദ്ധതി ഒന്നാം ഘട്ടത്തിന്റെ ഏറ്റവും വലിയ പ്രത്യേകത. പദ്ധതി നടപ്പിലാക്കുന്നതുവഴി ഒന്നരലക്ഷം ടൺ മൽസ്യോൽപ്പാദനമാണ് നേരത്തേ ഉണ്ടായിരുന്നത്. അത് രണ്ടരലക്ഷം ടണ്ണായി ഉയർത്താൻ സാധിച്ചു. അതായിരുന്നു ലക്ഷ്യം. 7038 കർഷകർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകുകയും ചെയ്തു. ഈ നേട്ടങ്ങളുടെ പശ്ചാത്തലത്തിൽ കുടുതൽ വിപുലമായ രീതിയിൽ മൽസ്യസമൃദ്ധി പദ്ധതിയുടെ രണ്ടാംഘട്ടം 2015-18 കാലയളവിൽ നടപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കുന്നതാണ്. ഇതിൽ മൽസ്യ കർഷകർക്ക് കൂടുതൽ ആനുകൂല്യം ലഭ്യമാക്കുന്നതാണ്. ഒന്നാം ഘട്ടത്തിൽത്തന്നെ മൽസ്യവിത്ത്, മൽസ്യത്തീറ്റ, മൽസ്യകൃഷിക്കുള്ള ഇൻഷ്വറൻസ് എന്നിവ സർക്കാർ ചെലവിലാണ് നടപ്പിലാക്കിയത്. ഇത്തവണ കൂടതൽ ആനുകൂല്യങ്ങൾ കൃഷിക്കാർക്ക് ലഭിക്കത്തക്ക രീതിയിലാണ് പദ്ധതിയുടെ രണ്ടാംഘട്ടം വിഭാവന ചെയ്യുന്നത്. ഇതിൽ മത്സ്യകർഷകർക്ക് കൂടുതൽ ആനുകൂല്യം ലഭിക്കുന്നതാണ്. 110 കോടി രൂപ ചെലവിൽ 15,000 ഹെക്ടറിൽ പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നു. ഒന്നാം ഘട്ടത്തിൽ 12,000 ഹെക്ടറാണ് ഉദ്ദേശിച്ചിരുന്നത്. ഇപ്പോൾ 15,000 ഹെക്ടറാണ് ലക്ഷ്യം വയ്ക്കുന്നത്. അതുപോലെ 40

ലക്ഷം തൊഴിൽ ദിനങ്ങൾ ഇതിലൂടെ നൽകാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. എല്ലാ ജില്ലകളിലും പദ്ധതി നടപ്പാക്കും. കർഷകർക്ക് പൂർണ്ണമായ ഇൻഷുറൻസ് പരിരക്ഷ നൽകാനും ഉദ്ദേശിക്കുന്നു. പദ്ധതിയിൽ, പാടശേഖരങ്ങളിലേയും കോൾ പാടങ്ങളിലെയും മത്സ്യ കൃഷി, പൊക്കാളി/കൈപ്പാട് നിലങ്ങളിലെയും സ്വകാര്യ കുളങ്ങളിലെയും ചെമ്മീൻ കൃഷി, കരിമീൻ വിത്തുൽപാദന-വിൽപന യൂണിറ്റ്, കുളത്തിലെ കരിമീൻ കൃഷി, കൂടുകളിലെ കരിമീൻ കൃഷി, കൂട് കൃഷി, മാതൃകാ യൂണിറ്റുകൾ, ഞണ്ട്/കല്ലുമ്മേക്കായ കൃഷി, പൊതു ജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ, അടുക്കള കുളങ്ങൾ, മാതൃകാ മത്സ്യ ഫാമുകൾ, കൃഷി/കന്നുകാലി സംയോജിത മത്സ്യ ഫാമുകൾ, പടുതാക്കുളങ്ങളിലെ മത്സ്യകൃഷി, മത്സ്യകൃഷി മേഖലയുമായി ബന്ധപ്പെട്ട സ്വയംതൊഴിൽ സംരംഭങ്ങൾ, മത്സ്യകർഷക ക്ലബ്ബുകൾക്കുള്ള അടിസ്ഥാന വികസനങ്ങൾ, മത്സ്യകർഷക ക്ലബ്ബുകളുടെ ശാക്തീകരണം, മത്സ്യകർഷക ക്ലബ്ബുകൾക്ക് പ്രവർത്തന മൂലധനം നൽകൽ, മികച്ച കർഷകർക്ക് അവാർഡ് വിതരണം (സംസ്ഥാനതലം, ജില്ലാതലം), മത്സ്യകർഷക വികസന ഏജൻസികൾക്ക് മണ്ണ്, ജല പരിശോധനാ കിറ്റുകൾ നൽകൽ, മത്സ്യകൃഷി പരിപാലന/ബോധവൽക്കരണ പരിപാടികൾ, സൗജന്യ വിള ഇൻഷുറൻസ്, മികച്ച

കർഷകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനം, കർഷകർക്ക് ആവശ്യമായ കൈപ്പുസ്തകം തയ്യാറാക്കൽ തുടങ്ങിയവ മത്സ്യസമൃദ്ധി II-ൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

02.06.2015-ൽ അനുമതി ലഭിച്ച ഈ പദ്ധതി സമയബന്ധിതമായി ആരംഭിക്കുന്നതിന് പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സാങ്കേതിക ഉദ്യോഗസ്ഥരേയും പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാരേയും തെരഞ്ഞെടുക്കുന്നതിനുള്ള പ്രാരംഭ നടപടികളും, കർഷകരിൽ നിന്നും അപേക്ഷ സ്വീകരിക്കൽ, ജലാശയങ്ങളുടെ സർവ്വേ തുടങ്ങിയ പ്രവർത്തനങ്ങളും ഇപ്പോൾ നടന്നുവരുന്നു.

2015 ആഗസ്റ്റ് മാസം 10-ാം തീയതി എറണാകുളം ടൗൺ ഹാളിൽ വച്ച് മത്സ്യസമൃദ്ധി II പദ്ധതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത് തുടക്കം കുറിക്കുന്നതാണ്.

<u>ശ്രീ. ആർ. സെൽവരാജ്:</u> സർ, അങ്ങ് ഈ വകുപ്പിന്റെ ചുമതല ഏറ്റെടുത്തതിന് ശേഷം കേരളത്തിൽ ഇന്നുവരെ ഉണ്ടായിട്ടുള്ള ഗവൺമെന്റുകൾ ഒന്നുംതന്നെ ചെയ്യാത്ത വിവിധ പദ്ധതികളാണ് തീരദേശ മേഖലയിലും മത്സ്യബന്ധന വകുപ്പിലും നടപ്പാക്കിയതായി കാണാൻ കഴിയുന്നത്. ഇത്തരം പദ്ധതികൾ നടപ്പാക്കി

മുന്നോട്ടുപോകുന്ന അങ്ങയുടെ പ്രവർത്തനത്തെ കേരളത്തിലെ ജനത, പ്രത്യേകിച്ച് തീരദേശ ജനത ഒന്നടങ്കം സ്വാഗതം ചെയ്യുകയാണ്. മറ്റൊരു കാര്യം, കേരളത്തിൽ വിവിധ വകുപ്പുകളുടെ കീഴിൽ ഉൾനാടൻ ജലാശയങ്ങളുണ്ട്. വനം വകുപ്പിന്റേയും ജലസേചന വകുപ്പിന്റേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും കീഴിൽ ഒട്ടനവധി ജലാശയങ്ങൾ വെറുതെ കിടക്കുകയാണ്. അത്തരം ജലാശയങ്ങൾ കർഷകർക്ക് സൗജന്യമായി മത്സ്യകൃഷിക്ക് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; അതുപോലെതന്നെ തിരുവനന്തപുരം ജില്ലയിൽ എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ മത്സ്യസമൃദ്ധി II-ൽ പങ്കെടുപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. രണ്ടാംഘട്ട മത്സ്യസമൃദ്ധി പദ്ധതിയിൽ തിരുവനന്തപുരം ജില്ലയിൽ മത്സ്യകൃഷി വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്?

<u>ശ്രീ. കെ. ബാബു:</u> സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റേയും ഇലക്ട്രിസിറ്റി ബോർഡിന്റേയും നിയന്ത്രണത്തിലുള്ള 20 ജലാശയങ്ങളിൽ മത്സ്യകൃഷി ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട്. കുടിവെള്ളത്തിന് ഉപയോഗിക്കുന്ന തടാകങ്ങളെയും സുരക്ഷാ പ്രശ്നങ്ങളുടെ പേരിൽ ചില ഡാമുകളെയും ഒഴിവാക്കിയിട്ടുണ്ട്. 20-ഓളം തടാകങ്ങളിൽ കൃഷി ഇന്ന് നടപ്പാക്കുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ 64 തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങളിൽ ഒന്നാം ഘട്ടത്തിൽ മത്സ്യകൃഷി നടപ്പാക്കിയിട്ടുണ്ട്. രണ്ടാംഘട്ടത്തിന്റെ പരിശോധനകൾ നടന്നുവരുകയാണ്. മത്സ്യസമൃദ്ധി രണ്ടാം ഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിലെ 450 ഹെക്ടർ സ്വകാര്യ ടാങ്കുകളിലും കുളങ്ങളിലും മത്സ്യകൃഷി നടത്തുന്നതിനുള്ള സാങ്കേതിക-സാമ്പത്തിക സഹായമായി 10,000/- രൂപ വീതം ഹെക്ടറിന് നൽകാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പൊതു ജലാശയങ്ങളിലെ മത്സ്യ ഉത്പാദനത്തിനായി തിരുവനന്തപുരം ജില്ലയ്ക്കുവേണ്ടി 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള അനുയോജ്യമായ കുളങ്ങൾ മോഡൽ ഫാമുകളാക്കി മാറ്റുവാൻ ലക്ഷ്യമിടുന്നു. മാക്സിമം ഒരു ഹെക്ടറാണ്. മോഡൽ ഫിഷ് ഫാമിന്റെ എല്ലാ ചെലവുകളും സർക്കാർ വഹിക്കുന്നതും അതിന്റെ ആനുകൂല്യങ്ങൾ പഞ്ചായത്തിനും മത്സ്യ ക്ലബ്ബിനുമായി നൽകുന്നതാണ്. തിരുവനന്തപുരത്തെ അനുയോജ്യമായ എല്ലാ പഞ്ചായത്ത് കുളങ്ങളും ഇതിനുവേണ്ടി ഉപയോഗപ്പെടുത്തുന്നതാണ്. ശ്രീ. ആർ. സെൽവരാജിന്റെ നിയോജകമണ്ഡലമായ നെയ്യാറ്റിൻകരയിലെ കാരോട് പഞ്ചായത്തിലും മത്സ്യകർഷക ക്ലബ്ബിന് കെട്ടിടം നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപ ഒന്നാം ഘട്ടത്തിൽ അനുവദിച്ചു. കെട്ടിടത്തിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ട്. ഈ ക്ലബ്ബിന് മത്സ്യകൃഷിക്കുവേണ്ടിയുള്ള പമ്പ് സെറ്റ്, വലകൾ, ടെസ്റ്റ് കിറ്റ് എന്നിവയ്ക്കായി

ഒരു ലക്ഷം രൂപ കൂടി അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ 5 മത്സ്യക്ലബ്ബിന് കെട്ടിടം നിർമ്മിക്കാൻ ധനസഹായം നൽകിയിട്ടുണ്ട്.

വേമ്പനാട് കായൽ ശുദ്ധീകരിക്കൽ

ശ്രീ. തോമസ് ചാണ്ടി: സർ, കേരളത്തിലെ ഏറ്റവും വലിയ കായലായ വേമ്പനാട് കായലിൽ പ്രധാനപ്പെട്ട 4 നദികളാണ് ഒഴുകിയെത്തുന്നത്. പമ്പാ നദിയും അച്ചൻകോവിൽ ആറും മണിമലയാറും മീനച്ചിൽ ആറും ഒഴുകിവന്ന് ചേരുന്നത് വേമ്പനാട് കായലിലാണ്. 55 വർഷം മുമ്പ് തണ്ണീർമുക്കം ബണ്ടിന്റെ പണി രണ്ട് വശത്തുനിന്നും തുടങ്ങുകയും പണി തീരാത്തതിനാൽ മധ്യഭാഗം പെട്ടെന്ന് മണ്ണ് ഉപയോഗിച്ച് ചിറ പിടിക്കാൻ തീരുമാനിച്ചതുമൂലം യുഗങ്ങളായി ഒഴുകിക്കൊണ്ടിരുന്ന ഒഴുക്കിനെ തടസ്സപ്പെടുത്തി. അതു കാരണം കുട്ടനാട്ടിൽ രണ്ട് കൃഷി ചെയ്യാൻ കഴിഞ്ഞുവെന്നത് ശരിയാണ്. പക്ഷെ, യുഗങ്ങളായി ഒഴുകിക്കൊണ്ടിരുന്ന ഒഴുക്ക് സംവിധാനത്തെ, സർവ്വശക്തനായ ദൈവം പ്രപഞ്ചത്തെ ഉണ്ടാക്കിയ കാലം മുതൽ, ഈ നാട് ഉണ്ടായ കാലം മുതൽ ഒഴുകിക്കൊണ്ടിരുന്ന ഒഴുക്കിനെ തടഞ്ഞ് നിറുത്തിയപ്പോൾ വേമ്പനാട് കായലിന്റെ പകുതി ഭാഗത്ത് അഞ്ച് നദികളിൽ നിന്നും ഒഴുകി വരുന്ന എക്കലും മണ്ണും അടിഞ്ഞുകൂടി കായലിന്റെ ആഴം കുറഞ്ഞു. പണ്ട്

എന്റെ ബോട്ട് അതുവഴി ഓടിപ്പോകുമായിരുന്നു. ഇപ്പോൾ റൂട്ട് തിരിച്ച് വേറെ വഴിക്കാണ് പോകുന്നത്. പല സ്ഥലവും പൊക്കപ്രദേശമായി മാറിക്കഴിഞ്ഞു. അത് മാത്രമല്ല, ഈ ബണ്ട് നിർമ്മിച്ചതിനുശേഷമാണ് പോർട്ടിൽ ഏറ്റവും കൂടുതൽ മണ്ണ് അടിഞ്ഞ് തുറമുഖത്ത് കപ്പൽ അടുക്കാൻ കഴിയാത്ത അവസ്ഥ ഉണ്ടായതെന്ന് കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ ആൾക്കാരോട് ചോദിച്ചാൽ അറിയാം. അവിടെ സ്ഥിരമായി മണ്ണ് മാറ്റിക്കൊണ്ടിരിക്കുകയാണ്. ഇന്ന് അല്ലെങ്കിൽ നാളെ ഗവൺമെന്റ് ഇടപെട്ട് ഈ പൊക്കപ്രദേശത്തെ മണ്ണ് മാറ്റേണ്ടി വരും. തണ്ണീർമുക്കം ബണ്ടിന്റെ പണി പൂർത്തിയായി മുഴുവൻ ഷട്ടറുകളും തുറന്നുവച്ചാൽ ഭാവിയിൽ ഇത് ഉയരില്ല. പക്ഷെ ഉയർന്നുകിടക്കുന്ന ഈ മണ്ണും ചെളിയും വാരി ജീവിക്കുന്ന കർഷകത്തൊഴിലാളി കുടുംബങ്ങൾ കൈനകരി, കുമരകം, നാട്ടകം പഞ്ചായത്തുകളിലുണ്ട്. ഇത് വാരാൻ പറ്റില്ലെന്ന് പറഞ്ഞ് പോലീസ് അവരെ ഓട്ടിക്കുകയാണ്. ഖനനമെന്ന് പറഞ്ഞാൽ എന്താണ്; കിഴക്കുനിന്ന് ചുവന്ന മണ്ണ് കൊണ്ടുവന്നുകൊടുത്തില്ലെങ്കിൽ കുട്ടനാട്ടിൽ റോഡ് ഉണ്ടാകില്ല, റെയിൽവേ ഉണ്ടാകില്ല. പാറ പൊട്ടിച്ച് മെറ്റൽ കൊണ്ടുവന്നുകൊടുത്തില്ലെങ്കിൽ കെട്ടിടങ്ങൾ ഉണ്ടാകില്ല. പക്ഷെ ഈ മണ്ണ് നീക്കം ചെയ്യുന്നത് ആർക്കും ദോഷമില്ലാത്ത ഒരു കാര്യമാണ്. അതുകൊണ്ട് തണ്ണീർമുക്കം ബണ്ടിന് ചുറ്റുമുള്ള മണ്ഡലങ്ങളിലെ

എം.എൽ.എ.മാരെ വിളിച്ചുകൂട്ടി ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിൽ ഒരു യോഗം വിളിക്കുകയും ഇതിനൊരു തീരുമാനം ഉണ്ടാക്കുകയും വേണം. വേമ്പനാട് കായലിൽ നിന്ന് ചെളിയും മണ്ണും വാരി ജീവിക്കുന്നവരെ പോലീസ് കൊണ്ടുപോകുകയും അവരുടെ വള്ളങ്ങൾ വെട്ടിപ്പൊളിക്കുകയും ചെയ്യുന്നു. എന്ത് ക്രൂരകൃത്യമാണ് അവർ ചെയ്യുന്നത്. അവർ ഗവൺമെന്റിനെ സഹായിക്കുകയാണ്. അതുകൊണ്ട് തണ്ണീർമുക്കം ബണ്ടിന് ചുറ്റുമുള്ള മണ്ഡലങ്ങളിലെ എം.എൽ.എ.മാരെ വിളിച്ചുകൂട്ടി ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിൽ ഒരു യോഗം വിളിക്കണമെന്നാണ് എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, കായലുകൾ, ചിറകൾ, തടാകങ്ങൾ, കുളങ്ങൾ തുടങ്ങിയ ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും വളരെയേറെ പ്രാധാന്യമർഹിക്കുന്ന പ്രവർത്തനമാണെന്ന വസ്തുത ഉൾക്കൊണ്ടുകൊണ്ട് അവയെ സംരക്ഷിച്ച് അതുവഴി പരിസ്ഥിതി സന്തുലനം ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ സർക്കാർ സ്വീകരിച്ചു വരുന്നു. മനുഷ്യന്റെ യുക്തിരഹിതമായ പ്രവർത്തനങ്ങൾമൂലം പ്രകൃതിയുടെ വരദാനമായ മേൽപ്പറഞ്ഞ

ജലസ്രോതസ്സുകൾ നാശോന്മുഖമായിക്കൊണ്ടിരിക്കുന്നു. കേരളത്തിലെ 3 കായലുകളെ (അഷ്ടമുടി കായൽ, ശാസ്താംകോട്ട തടാകം, വേമ്പനാട് കോൾ വെറ്റ് ലാന്റ്) റാംസർ സൈറ്റുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിലും കായൽ തടാകങ്ങളുടെ വിസ്തൃതിയിൽ കുറവ് വന്നിട്ടുണ്ടെന്നത് യാഥാർത്ഥ്യമാണ്. ഇത് നിയന്ത്രിക്കുന്നതിനും അവയുടെ സംരക്ഷണത്തിനുമായി വിവിധതരം പ്രവർത്തനങ്ങൾ വിവിധ ഏജൻസികളും വകുപ്പുകളും നടത്തി വരികയാണ്. കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്റ്റ്, 2003 പ്രകാരം ജലസ്രോതസ്സുകളുടെ സംരക്ഷണവും സുസ്ഥിരതയും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ ജലസേചന വകുപ്പ് സ്വീകരിച്ചു വരുന്നു. കൂടാതെ കാലാകാലങ്ങളിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിക്കുന്ന പ്രത്യേക പദ്ധതികൾ പ്രകാരം ജലസ്രോതസ്സുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് നടത്തി വരുന്നു. തണ്ണീർമുക്കം ബണ്ട് നിർമ്മാണത്തിനായി ഇതിന്റെ പൊതുനീളത്തെ മൂന്ന് ഭാഗങ്ങളായിതിരിക്കുകയും പടിഞ്ഞാട് ഭാഗത്തും കിഴക്ക് ഭാഗത്തുമുള്ള മൂന്നിലൊന്ന് വീതമുള്ള സ്ഥലങ്ങളിൽ ഏതാണ്ട് 1970 കാലഘട്ടത്തിൽ ബണ്ടിന്റെ പണി പൂർത്തിയായിട്ടുള്ളതാണ്. 1975-ഓടെ സർക്കാരിന്റെയും നാട്ടുകാരുടെയും സഹായത്തോടെ ഇരുകരകളേയും ബന്ധിപ്പിച്ച് ഒരു മൺചിറ ഉണ്ടാക്കുകയും തുടർന്ന്

വാഹന ഗതാഗതയോഗ്യമാക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ കഴിഞ്ഞ കുറേ വർഷങ്ങളായി മേൽപ്പടി ഭാഗത്ത് എക്കൽ അടിയുകയും തൻമൂലം നീരൊഴുക്ക് കുറയുന്നതായി അറിയുന്നു. ഇതുമൂലം മഴക്കാലത്ത് കുട്ടനാട് പ്രദേശങ്ങളിൽ വെള്ളത്തിന്റെ ലെവൽ താഴാതെ ഉയർന്നുതന്നെ നിൽക്കുന്നതിനാൽ ഇത് പരിഹരിക്കുന്നതിനായി തണ്ണീർമുക്കം ബണ്ടിന്റെ ബാക്കി മൂന്നിലൊന്ന് ഭാഗം വരുന്ന നടുഭാഗത്തെ മണൽച്ചിറ മാറ്റി റഗുലേറ്റർ വാൽവുള്ള ഷട്ടർ ഉൾപ്പെടെയുള്ള ബണ്ട് നിർമ്മിക്കുന്നതിന് സർക്കാർ തലത്തിൽ തീരുമാനമെടുത്തു. 28 ഷട്ടറുകളോടെ ബണ്ട് നിർമ്മിക്കുന്ന പ്രവൃത്തി ത്വരിതഗതിയിൽ പുരോഗമിക്കുകയാണ്. പ്രസ്തുത പ്രവൃത്തി താമസിയാതെ പൂർത്തിയാക്കാമെന്നതിനാൽ വേമ്പനാട് കായലിലെ വെള്ളം ഒഴുകുന്നതിനുള്ള തടസ്സങ്ങൾ പൂർണ്ണമായും ഒഴിവാകുന്നതും ഒഴുക്കിന്റെ ശക്തി വർദ്ധിക്കുന്നതുമാണ്. വേമ്പനാട് കായലിൽ വന്നുചേരുന്ന അച്ചൻകോവിൽ, പമ്പ, മണിമല, മീനച്ചിൽ തുടങ്ങിയ ആറുകളിലൂടെ എത്തിച്ചേരുന്ന മണൽ അനധികൃതമായി വാരുന്നത് പാരിസ്ഥിതിക പ്രശ്നങ്ങൾക്കും മറ്റ് നിയമലംഘന പ്രവർത്തനങ്ങൾക്കും ഇടയാക്കുമെന്നതിനാൽ മണൽ വാരുന്നതിനുള്ള അനുമതി നൽകുന്നത് ഉചിതമല്ല. ഷട്ടറുകളുടെയും പൊഴികളുടെയും മുഖകവാടത്തിൽ അടിഞ്ഞുകൂടാനിടയുള്ള മണ്ണും ചെളിയും പരമ്പരാഗത മാർഗ്ഗങ്ങളിലൂടെ

നിബന്ധനകൾക്ക് വിധേയമായി നീക്കം ചെയ്യുന്നതിനുള്ള അനുവാദം നൽകുന്നതിന് ജില്ലാതല സമിതി രൂപീകരിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത കാര്യത്തിൽ തുടർ നടപടികൾ ആവശ്യമില്ല.

ശ്രീ. തോമസ് ചാണ്ടി: സർ, പരിതസ്ഥിതി, പരിതസ്ഥിതി എന്ന് അങ്ങ് പറഞ്ഞു. തണ്ണീർമുക്കം ബണ്ട് അടച്ചുവയ്ക്കുമ്പോൾ തന്നെ വേമ്പനാട് കായലിന്റെ തെക്ക് വശത്തുള്ള ഭൂപ്രദേശത്തിന്റെ പരിതസ്ഥിതി തകിടം മറിയുകയാണ്. പാടത്തടിക്കുന്ന മരുന്നും തുരിശും രാസവളവുമെല്ലാം പമ്പ് ചെയ്ത് ആറ്റിൽ കയറ്റിയാൽ മൂന്ന് മാസമാണ് ഒഴുക്കില്ലാതെ അത് അതിനകത്ത് കിടക്കുന്നത്. ഞങ്ങൾ അത് അനുഭവിച്ചുകൊണ്ടാണ് അവിടെ ജീവിക്കുന്നത്, നെൽകൃഷി ചെയ്ത് നിങ്ങൾക്കെല്ലാം അരി തരുന്നത്. അതുകൊണ്ട് അവിടെനിന്ന് ചെളി വാരിക്കൊണ്ട് പോയാൽ... മണ്ണെന്ന് പറഞ്ഞാൽ ഈ പറയുന്ന മണലല്ല. കടപ്പുറത്ത് കിടക്കുന്ന ചൊരിമണലാണ് ഈ വേമ്പനാട് കായലിന്റെ അടിയിൽ കിടക്കുന്നത്. അത് വാരിക്കൊണ്ട് പോയില്ലെങ്കിൽ കുട്ടനാട്ടിലെ വഴി നന്നാക്കാൻ കഴിയില്ല. കാരണം, വെളിയിൽനിന്ന് ചുമന്ന മണ്ണ് കൊണ്ടുവന്ന് വഴി നന്നാക്കുന്നതിന് പഞ്ചായത്തുകളുടെ കയ്യിൽ കാശില്ല. ഇത് കൊണ്ടുവരണമെങ്കിൽ ട്രാൻസ്പോർട്ടിംഗ് വേണം. അതുകൊണ്ട് വള്ളത്തിൽ വാരിക്കൊണ്ടുവന്നാണ് കുട്ടനാട്ടിലെ

ഗ്രാമഗ്രാമാന്തരങ്ങളിലെ വഴി നന്നാക്കുന്നത്. ഈ കടപ്പുറം മണ്ണുപോലുള്ള മണ്ണ് വേമ്പനാട് കായലിന്റെ അടിയിൽ കിടക്കുന്നുണ്ട്. അപ്പോൾ ഇവരെ അത് വാരാൻ അനുവദിച്ചാൽ ഇതിന്റെ ആഴം കുറയും, നീരൊഴുക്ക് തടസ്സപ്പെട്ടത് ഇല്ലാതെ വരും. വർഷങ്ങൾകൊണ്ടെങ്കിലും അത് വൃത്തിയാക്കി എടുക്കാം. അതാണ് ഈ പറയുന്നത്. എഴുതി തരുന്ന മറുപടി അങ്ങ് വായിച്ചു. ദയവായി ചുറ്റുമുള്ള എം.എൽ.എ. മാർ, പഞ്ചായത്ത് പ്രസിഡന്റുമാർ ഇവരെയെല്ലാം വിളിച്ച് ഈ വിഷയം ചർച്ച ചെയ്ത് കുട്ടനാടിനെ രക്ഷിക്കണമെന്നാണ് എനിക്ക് അങ്ങയോട് പറയുവാനുള്ളത്.

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് കുട്ടനാട് പ്രദേശവുമായി ബന്ധപ്പെട്ടുകൊണ്ട് ഈ സഭയിൽ ഉന്നയിച്ചിട്ടുള്ളത്. തീർച്ചയായും അങ്ങയുടെ എല്ലാ വികാരങ്ങളും ഈ സഭ ഉൾക്കൊള്ളുന്നു. ആ പ്രദേശത്തുള്ള എം.എൽ.എ.മാരെ കൂടി പങ്കെടുപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഉൾപ്പെടെ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു ചർച്ച വേണമെന്നാണ് അങ്ങയുടെ ആവശ്യം. തീർച്ചയായും അങ്ങനെയൊരു ചർച്ച നടത്തിക്കൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. പാരിസ്ഥിതിക പ്രശ്നങ്ങൾ ഉൾപ്പെടെയുള്ളത് ചർച്ച ചെയ്ത് പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ഏത് തരത്തിൽ നടപ്പാക്കാൻ

കഴിയുമെന്നുള്ളതും ജലസ്രോതസ്സ് സംരക്ഷിക്കുകയും നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.